# ദുൽഹജ്ജിലെ പത്ത് ദിനരാത്രങ്ങളും അവക്കുള്ള ശ്രേഷ്ഠതകളും

**സ**ർവ്വസ്തുതിയും ലോകനാഥനായ അല്ലാഹുവിന്ന്, അവന്റെ ദൂതരിൽ അന്തിമനും ശ്രേഷ്ഠനുമായ മുഹമ്മദ് നബിയിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ എന്നെന്നും വർഷിക്കുമാറാകട്ടെ. (ആമീൻ).

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിലും ഔദാര്യത്തിലും പെട്ടതാണ്, തന്റെ ദാസന്മാർക്ക് സൽക്കർമ്മങ്ങൾക്ക് കൂടുതൽ പ്രതിഫലം നൽകുന്നതിനുവേണ്ടി അവൻ പ്രത്യേക കാലവും സമയവും നിർണ്ണയിച്ചു തന്നിരിക്കുന്നു എന്നുള്ളത്. അത്തരത്തിലുള്ള പ്രത്യേക പുണ്യകാലങ്ങളിൽ പെട്ടതാണ് ദുൽഹജ്ജ് മാസത്തിലെ ആദ്യപത്ത് ദിനരാത്രങ്ങൾ.

പ്രസ്തുത ദിവസങ്ങൾക്കുള്ള മഹത്വങ്ങളും ശ്രേഷ്ഠതകളും വിവരിക്കുന്ന അനേകം വചനങ്ങൾ വിശുദ്ധ ഖുർആനിലും പ്രവാചക വചനങ്ങളിലും കണ്ടെത്താവുന്നതാണ്.

**<u>ഒന്ന്</u>**, അല്ലാഹു പറയുന്നു;

والفَجر  وليال عشْر ( سورة الفجر)

''പ്രഭാതവും പത്ത് രാത്രികളും തന്നെയാണ് സത്യം'' (സൂറത്തുൽ ഫജ്ർ 1, 2).

ഇവിടെ ആയത്തിൽ പറയുന്ന പത്ത്‌രാവുകൾ കൊണ്ടുദ്ദേശിക്കുന്നത്, ദുൽഹജ്ജ്മാസത്തിലെ പത്ത് രാത്രികളാണെന്നാണ് മഹാനായ ഇബ്നുകസീർ(റ) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**<u>രണ്ട്,</u>** മറ്റൊരു ഖുർആൻവചനം കാണുക,

ويذْكُروا اسم اللهِ فِي  أيامٍ معلوماتٍ (الحج28).

''നിശ്ചിതദിവസങ്ങളിൽ അവന്റെ നാമം സ്മരിക്കുന്നതിന്നും വേണ്ടി'' (ഹജ്ജ് 28).

മേൽ കൊടുത്ത വചനത്തിലെ നിശ്ചിതദിവസങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്, ദുൽഹജ്ജിലെ പത്ത്ദിവസങ്ങളാണ് എന്ന് ഇബ്നുഅബ്ബാസ്(റ) വിൽനിന്നും ഉദ്ധരിക്കപ്പെടുന്നുണ്ട്.

**<u>മൂന്ന്,</u>** നബി(സ)പറഞ്ഞു, ''ഈ പത്ത് ദിവസങ്ങളിൽ ചെയ്യുന്ന കർമ്മങ്ങളേക്കാൾ ശ്രേഷ്ഠമായ മറ്റൊരു കർമ്മവുമില്ല. സ്വഹാബികൾ ചോദിച്ചു, അപ്പോൾ ജിഹാദോ? നബി (സ) പറഞ്ഞു ഒരാൾ തന്റെ സമ്പത്തും ശരീരവുമായി യുദ്ധക്കളത്തിലേക്ക് പോയി തിരിച്ചുവരാത്ത വിധം എല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ

അർപ്പിച്ച് രക്തസാക്ഷിത്വം വരിച്ചെങ്കിലല്ലാതെ അതും (ജിഹാദും) ഈ ദിവസങ്ങളിലെ സൽകർമ്മങ്ങളോളം പുണ്യമുള്ളതായിത്തീരുകയില്ല.'' (ബുഖാരി).

<u>**നാല്**</u>, അബ്ദുല്ലാഹിബ്നുഉമർ (റ)വിൽനിന്ന്: നബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു, ഈ ദിവസങ്ങളെപ്പോലെ അല്ലാഹുവിങ്കൽ മഹത്തായ മറ്റൊരു ദിവസവുമില്ല. ഈദിവസങ്ങളിൽ നിർവ്വഹിക്കുന്ന സർക്കർമ്മങ്ങളെപ്പോലെ അല്ലാഹുവിന് ഇഷ്ടമുള്ള മററു കർമ്മങ്ങളുമില്ല. അത്കൊണ്ട് നിങ്ങൾ സ്തുതികീർത്തനങ്ങളും തക്ബീറുകളും തഹ്ലീലുകളും (ലാ ഇലാഹഇല്ലല്ലാഹു) അധികരിപ്പിക്കുക. (ത്വബ്റാനി മുഅ്ജമുൽ കബീർ).

<u>**അഞ്ച്,**</u> സഈദുബ്നു ജുബൈർ (റ) ദുൽ ഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിൽ തനിക്ക് താങ്ങാൻ കഴിയുന്നതിലുമപ്പുറം സൽക്കർമ്മങ്ങൾ പ്രവർത്തിക്കാൻ പരിശ്രമിക്കുമായിരുന്നു. (ദാരിമി).

<u>**ആറ്**</u>**,** മേൽപറയപ്പെട്ട ദിനങ്ങൾക്ക് ഇത്രമാത്രം മഹത്വമുണ്ടാകാനുള്ള കാരണം ഈ ദിവസങ്ങളിലേതു പോലെ, ഇസ്ലാമിലെ ഏററവും പ്രധാനപ്പെട്ട ആരാധനകളായ നമസ്കാരം, നോമ്പ് ഹജ്ജ്, ദാനധർമ്മങ്ങൾ എന്നിങ്ങനെയുള്ള എല്ലാ ആരാധനകളും ഒരുമിച്ചു വരുന്ന മററു ദിവസങ്ങൾ വേറെയില്ല എന്നുള്ളതിനാലാകുന്നു. (ഇബ്നുഹജറുൽ അസ്ഖലാനി ഫത്ഹുൽ ബാരി).

<u>**നാം പ്രത്യേകം ശ്രദ്ധിക്കുക:**</u>

ദുൽഹജ്ജിലെ ആദ്യപത്ത് ദിവസങ്ങൾക്ക് പ്രത്യേകതയുള്ളതിനാൽ നാം നിർവ്വഹിക്കുന്ന കർമ്മങ്ങൾ കൂടുതൽ ശ്രദ്ധയോടെയും പരിപൂർണ്ണ രൂപത്തിലും നിർവ്വഹിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**നമസ്കാരം,** ഫറദ് നമസ്കാരങ്ങൾ സമയമായാൽ ഉടനെ കഴിവതും ജമാഅത്തായി പള്ളിയിൽവെച്ച് നിർവ്വഹിക്കുക. സുന്നത്തു നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുക എന്നിവയെല്ലാം ഏററവും ശ്രേഷ്ഠകരമായ കർമ്മങ്ങളാകുന്നു. എന്നാൽ ഇവ ദുൽഹജ്ജ് മാസത്തിൽ മാത്രമായി പ്രവർത്തിക്കേണ്ട കാര്യങ്ങളല്ല; മറിച്ച് എല്ലാ കാലങ്ങളിലും പാലിക്കേണ്ടതാണ്. സൗബാൻ(റ)വിൽ നിന്ന്, നബി (സ)പറഞ്ഞു: നിങ്ങൾ സുജൂദുകൾ അധികരിപ്പിക്കുക. ഏതൊരു മനുഷ്യനും അവൻ നിർവ്വഹിക്കുന്ന ഓരോ സുജൂദുകൾ മുഖേനയും, അവൻെറ പദവികൾ ഉയർത്തുകയോ

പാപങ്ങൾ മായ്ക്കുകയോ ചെയ്തുകൊണ്ടല്ലാതെ നിർവ്വഹിക്കുന്നില്ല. (മുസ്‌ലിം).

**നോമ്പ്,** പ്രവാചകപത്നിമാരിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു: നബി(സ) ദുൽഹജ്ജ് ഒമ്പത്, മുഹർറം പത്ത്, എല്ലാമാസത്തിലേയും പൗർണ്ണമി ദിനങ്ങളായ പതിമൂന്ന്, പതിനാല്, പതിനഞ്ച് എന്നീ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. (മുസ്‌ലിം).

ഇമാംനവവി(റ) ദുൽഹജ്ജ് ഒന്നുമുതൽ ഒമ്പത്കൂടിയ ദിവസങ്ങളിൽ തുടർച്ചയായിനോമ്പനുഷ്ഠിക്കൽനല്ലതാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. (*എന്നാൽ നബി(സ)അപ്രകാരം അനുഷ്ഠിക്കുകയോ അനുഷ്ഠിക്കാൻ കൽപ്പിക്കുകയോ, സ്വഹാബികൾ അപ്രകാരം നോൽക്കുകയോചെയ്തതായി തെളിവുകളൊന്നും കാണുന്നില്ല.) (വിവർത്തകൻ)*

**<u>അറഫാദിനം</u>:**

ഹജ്ജ്കർമ്മം നിർവ്വഹിച്ചു കൊണ്ടിരിക്കുന്ന ഹാജിമാർ അല്ലാത്തവർക്ക് അറഫാദിവസത്തിൽ നോമ്പ്നോൽക്കൽ ഏറെ പുണ്യമുള്ള കാര്യമാണ്. അത് കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായ ഓരോ വർഷങ്ങളിലെ പാപങ്ങളെ പൊറുപ്പിക്കാൻ പര്യാപ്തമായതാണ്. (മുസ്‌ലിം).

പ്രസ്തുത ദിവസത്തിലാണ് ഏററവും കൂടുതൽ ആളുകളെ അല്ലാഹു നരകത്തിൽ നിന്നും മോചിപ്പിക്കുക എന്നും, അതുപോലെ അല്ലാഹു തൻെറ ദാസന്മാരോട് ഏററവും അടുക്കുകയും അന്നേരം ആരാധനകളിൽ മുഴുകിയ ജനങ്ങളുടെ കാര്യത്തിൽ മലക്കുകളോട് അഭിമാനം നടിക്കുകയും ചെയ്യുമെന്നും ഹദീസുകളിൽ കാണാവുന്നതാണ്.

**<u>തക്ബീറുകൾ</u>:**

ഇബ്നുഉമർ(റ) വിൽനിന്ന് ത്വബ്റാനി ഉദ്ദരിച്ച മുകളിൽ സൂചിപ്പിച്ചതായ ഹദീസിൻെറ അടിസ്ഥാനത്തിൽ തക്ബീർ, ലാഇലാഹ ഇല്ലല്ലാഹു, അൽഹംദുലില്ലാ എന്നീ ആശയങ്ങൾക്കൊള്ളുന്ന കീർത്തനങ്ങൾ പ്രസ്തുതദിവസങ്ങളിൽ അധികരിപ്പിക്കേണ്ടതാണ്. ഇബ്നുഉമർ, അബൂഹുറൈറ(റ) എന്നിവർ ഈ ദിവസങ്ങളിൽ അങ്ങാടികളിലിറങ്ങി തക്ബീർ ചൊല്ലുകയും അതുകേട്ട് മററുജനങ്ങളും തക്ബീർ ചൊല്ലയിരുന്നു. (ബുഖാരി) അതുപോലെ മിനായിൽ വെച്ചും തക്ബീർചൊല്ലുകയും അങ്ങിനെ പള്ളികളിലും അങ്ങാടികളിലുമുള്ളവരും തക്ബീർചൊല്ലി **മിന** തക്ബീർകളാൽ മുഴങ്ങാറുണ്ടായിരുന്നു എന്നും ഹദീസുകളിൽ കാണാവുന്നതാണ്.

**<u>ബലിദിനം:</u>**

ഇന്ന് ആളുകൾ വേണ്ടത്ര പ്രാധാന്യം കൊടുത്തുകാണാത്തതും, എന്നാൽ ദുൽഹജ്ജ് മാസത്തിലെ വളരെ മഹത്വമുള്ളതുമായ ഒരുദിവസമാകുന്നു ബലിദിനം. ദിവസങ്ങളിൽ ഏററവും മഹത്വമുള്ള ദിവസം ബലിദിവസം (ദുൽഹജ്ജ്പത്ത് ) ആകുന്നു, എന്ന് വ്യക്തമാക്കിക്കൊണ്ട് ഇമാം അബൂദാവൂദ് തൻെറ സുനനിൽ ഇപ്രകാരം ഒരുഹദീസ് റിപ്പോർട്ടുചെയ്യുന്നത് കാണാം.

**അല്ലാഹുവിങ്കൽ ഏററവും ശ്രേഷ്ഠമായ ദിനം ബലിദിനവും പിന്നെ ജനങ്ങൾ മിനായിൽ കഴിച്ചുകൂട്ടുന്ന ദിനവുമാണ്. (അബൂദാവൂദ്).** അത്കൊണ്ട് ദുൽഹജ്ജ് പത്ത് ആഘോഷങ്ങൾക്കായി മാത്രം മാററിവെക്കാതെ, ആരാധനകളും പുണ്യകർമ്മങ്ങളും കൂടി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**<u>ഉദുഹിയ്യത്ത്</u>**: ദുൽഹജ്ജ്പത്ത് ബലിദിനം യൗമുന്നഹ്ർ എന്ന് പ്രവാചക(സ) ഹദീസിലൂടെ വ്യക്തമാക്കിയതിൽ നിന്നു തന്നെ, അന്ന് നിർവ്വഹിക്കാനുള്ള പ്രധാനപ്പെട്ട കർമ്മം ബലികർമ്മം (ഉദുഹിയ്യത്ത്) ആണെന്ന് മനസ്സിലാക്കാവുന്നതാണ്. നബി(സ)പറഞ്ഞു; **കഴിവുണ്ടായിരുന്നിട്ടും ഉദുഹിയ്യത്ത് നിർവ്വഹിക്കാത്തവർ നമ്മുടെ പെരുന്നാൾനമസ്കാര സ്ഥലത്തേക്ക് പോലും അടുക്കേണ്ടതില്ല. (അഹ്മദ്, ഇബ്നു മാജ:).** അത്തരക്കാർക്ക്, സ്വന്തം മകനെ അല്ലാഹുവിൻെറ പ്രീതിക്കായി ബലിയറുക്കാൻ സന്നദ്ധനായ ഖലീലുല്ലാഹി ഇബ്റാഹീം നബിയുടേയും കുടുംബത്തിൻേറയും ചരിത്രം അയവിറക്കി പെരുന്നാൾ ആഘോഷിക്കാൻ പോലും അർഹതയില്ല. വർഷത്തിൽ ഒരു തവണ മാത്രമാണ് നമ്മോട്, നമുക്ക് ആയുസ്സും ജോലിയെടുക്കാനും സമ്പാദിക്കാനുമെല്ലാം കഴിവും സൗകര്യങ്ങളും നൽകി അനുഗ്രഹിച്ച അല്ലാഹു, ഇങ്ങിനെയൊരു കാര്യം ആവശ്യപ്പെടുന്നത്! എന്നിട്ടും അത് അവഗണിച്ച് അതിൽ നിന്നും തിരിഞ്ഞുകളയുന്നു.!? ചിന്തിക്കുക പലപ്പോഴും ഐഹികജീവിതത്തിന്ന് പോലും യാതൊരു ഉപകാരവുമില്ലാത്ത വിഷയങ്ങളിൽ ഓരോ വർഷവും നാം എത്രപണം അനാവശ്യമായി നശിപ്പിച്ചുകളയുന്നു ? അത്കൊണ്ട് ഇപ്പോൾ തന്നെ ഒരു തീരുമാനമെടുക്കുക, കൊല്ലത്തിൽ ആയിരം രൂപ ഞാൻ ഉദുഹിയ്യത്തിനായി മാററിവെച്ച്, തഖ്വയുള്ളവനായി ജീവിച്ച്, തനിക്കും തന്നെ ആശ്രയിച്ച്

ജീവിക്കുന്ന തൻെറ കുടുംബത്തിനും മററു വിശ്വാസികളോടൊപ്പം പെരുന്നാൾ ആഘോഷിക്കാവാനും, ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണ് എന്ന പ്രതിജ്ഞ യാഥാർത്ഥ്യമാക്കി ജീവിക്കുവാനും തെയ്യാറെടുക്കുക.

<u>പങ്കുചേർന്നും</u> <u>അറക്കാം:</u>

ഒട്ടകം, മാട് വർഗ്ഗം എന്നിവയിൽ ഏഴ് പേർക്ക്വരെ പങ്കുചേർന്ന് അറുക്കുവാൻ ഇസ്‌ലാം സൗകര്യം ചെയ്തുതന്നിരിക്കുന്നു. എന്നിട്ടെങ്കിലും ഈ പുണ്യകർമ്മത്തിൽ കൂടുതൽ ആളുകൾക്ക് പങ്കെടുക്കാൻ കഴിയുന്നതിന്വേണ്ടിയത്രെ ഇത്. എന്നാൽ ആടിൽ ഒന്നിലധികം ആളുകൾക്ക് പങ്കുചേരാവതല്ല.

അതുപോലെ ഒരാൾക്ക് ഒരു മൃഗത്തെ തന്നെ, തനിക്കും തൻെറ കുടുംബത്തിനും കൂടി അറുക്കാവുന്നതാണ്. അബൂഅയ്യൂബുൽ അൻസ്വാരി(റ)യിൽ നിന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: **നബി(സ)യുടെ കാലത്ത് ഒരാൾ തനിക്കും തൻെറ വീട്ടുകാർക്കും കൂടി ഒരാടിനെ ബലിയറുക്കുകയും, അവരതിൽ നിന്ന് ഭക്ഷിക്കുകയും മററുള്ളവരെ ഭക്ഷിപ്പിക്കുകയും ചെയ്യുമായിരുന്നു.** (ഇബ്നുമാജ:, തുർമുദി).

<u>മൃഗത്തിൻെറ സ്വഭാവം</u> :

കഴിവതും തടിച്ചുകൊഴുത്തതും ആരോഗ്യമുള്ളതും വൈകല്യങ്ങൾ ഇല്ലാത്തതുമായ നല്ലയിനം മൃഗമായിരിക്കണം ഉദുഹിയ്യത്തിനായി തിരഞ്ഞെടുക്കേണ്ടത്. എന്ന് ഹദീസുകളിൽ കാണാവുന്നതാണ്. നബി(സ)പറഞ്ഞു, **കണ്ണിന്ന് തകരാറുകളുള്ളത്, രോഗം പ്രകടമായത്, മുടന്തു കാലുള്ളത്, മെലിഞ്ഞുകൊഴുപ്പൊക്കെ നശിച്ചത് എന്നീ നാലു തരം മൃഗങ്ങൾ ബലിയറുക്കാൻ അനുവദനീയമല്ല.** (അഹ്മദ്).

<u>അറുക്കേണ്ട</u> <u>സമയം</u> :

പെരുന്നാൾ നമസ്കാര ശേഷം മാത്രമേ അറുക്കൽ അനുവദിക്കപ്പെടുന്നുള്ളൂ. **നബി(സ) പറഞ്ഞു, ഈ ദിവസത്തിൽ ആദ്യമായി നാം നിർവ്വഹിക്കുന്നത് നമസ്കാരമാണ്. പിന്നെ നാം മടങ്ങുകയും ബലിയറുക്കുകയും ചെയ്യും. ഇങ്ങിനെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ നമ്മുടെ സുന്നത്ത് പിൻപററി. ആരെങ്കിലും നമസ്കാരത്തിനുമുമ്പ് അറുത്താൽ അത്തൻെറ വീട്ടുകാർക്ക് മാംസത്തിനു വേണ്ടി മാത്രമായിരിക്കും, ഉദുഹിയ്യത്തിൽ അതുൾപ്പെടുന്നതല്ല.** (മുസ്‌ലിം).

ദുൽഹജ്ജ് പത്തിന്ന് യൗമുന്നഹ്ർ ബലിദിനം എന്ന് പേര് നൽകപ്പെട്ടതിനാൽ പ്രസ്തുതദിനം തന്നെയാണ് അറവിന്നേററവും ഉത്തമമായത്

എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അയ്യാമുത്തശ്‌രീഖ് എന്നറിയപ്പെടുന്ന ദുൽഹജ്ജ് പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ ദിവസങ്ങളിലും അറുക്കുന്നതിന് വിരോധമില്ല.

**മാംസവിതരണം:**

അവയുടെ (നിങ്ങൾ അറുക്കുന്ന മൃഗത്തിന്റെ) മാംസങ്ങളോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതല്ല. എന്നാൽ നിങ്ങളുടെ തഖ്‌വ (ധർമ്മനിഷ്ഠ)യാണ് അവന്റെയടുത്ത് എത്തുന്നത്. ( ഖുർആൻ 22/37).

മാംസം വിതരണം ചെയ്യുന്നതിന് പ്രത്യേക അനുപാതമോ പരിധിയോ നിശ്ചയിക്കപ്പെട്ടില്ല. ബലിയെ സംബന്ധിച്ച് പറയുന്നിടത്ത് വിശുദ്ധ ഖുർആൻ ഇപ്രകാരം വ്യക്തമാക്കുന്നുണ്ട്.

**ആ ബലിയൊട്ടകങ്ങൾ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്നവന്നും ആവശ്യപ്പെട്ടുവരുന്നവന്നും നിങ്ങൾ ഭക്ഷിപ്പിക്കുകയുംചെയ്യുക. (ഹജ്ജ് 36).** മറ്റൊരിടത്ത് **നിങ്ങൾ അതിൽനിന്ന് ഭക്ഷിക്കുകയും പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻകൊടുക്കുകയും ചെയ്യുക. (ഹജ്ജ് 28).** ഇവിടെ നൽകപ്പെടേണ്ടവർ പാവപ്പെട്ടവർ യാചിച്ചുവരുന്നവർ എന്ന്മാത്രമാണ് ഖുർആൻ പറഞ്ഞിട്ടുള്ള നിബന്ധനകൾ. അപ്രകാരം, **നിങ്ങൾ തിന്നുക, ദാനംചെയ്യുക, സൂക്ഷിക്കുക. (തുർമുദി).** എന്നുമാത്രമാണ് ഹദീസുകളിലും വന്നിട്ടുള്ളത്. ഇവിടെയെല്ലാം നിരുപാധികമായപദങ്ങൾ ഉപയോഗിച്ചിട്ടുള്ളതിനാൽ, അൽപം ഭക്ഷിക്കാൻ എടുക്കുകയും ബാക്കി ആവശ്യക്കാർക്കും,ദരിദ്രർക്കും വിതരണം ചെയ്യുകയുമാണ് വേണ്ടത് എന്നാണ് വ്യക്തമാകുന്നത്.

അറവുകാരന്ന് കൂലിയെന്നനിലക്ക് മാംസമോ, മൃഗത്തിന്റെ തോലോ നൽകരുതെന്ന് പ്രത്യേകം, ഹദീസുകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അലി(റ)പറയുന്നു: **നബി(സ) തന്റെ ഒട്ടകത്തിന്റെ കാര്യം നിർവ്വഹിക്കാനും, അതിന്റെ മാംസവും തോലും അതിന്മേലുള്ള വിരിപ്പും ദാനം ചെയ്യുവാനും എന്നോട് കൽപ്പിച്ചു. അതിൽ നിന്ന് ഒരു വസ്തുവും അറവുകാർക്ക് കൂലിയായി നൽകരുതെന്നും കൽപ്പിച്ചു. ഞങ്ങൾഅവർക്ക് കൂലിയായി വേറെ സ്വന്തമായി നൽകുകയാണ് ചെയ്തിരുന്നത്. (ബുഖാരി, മുസ്‌ലിം).** ഇക്കാര്യം നാമും നമ്മുടെ അറവുസമയത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## അറുക്കുന്നവർ ശ്രദ്ധിക്കേണ്ടത് :

ഉദ്ഹിയ്യത്ത് കർമ്മം ഉദ്ദേശിക്കുന്നവർ ദുൽഹ ജ്ജ്മാസം പിറന്നു കഴിഞ്ഞാൽ തന്റെ ശരീര ഭാഗങ്ങളിൽ നിന്ന് രോമങ്ങൾ നീക്കം ചെയ്യു വാനോ നഖം മുറിക്കുവാനോ പാടുള്ളതല്ല. ഉ മ്മുസൽമ: (റ)യിൽനിന്ന്; **നബി(സ) പറഞ്ഞു, നിങ്ങളിൽ ആരെങ്കിലും ഉദുഹിയ്യത്ത് ഉദ്ദേശി ക്കുന്നുവെങ്കിൽ ദുൽഹജ് മാസപ്പിറവി കണ്ട് കഴിഞ്ഞാൽ അറവു നടത്തുന്നത് വരെ അവ ന്റെ ശരീരത്തിൽനിന്ന് മുടികളും നഖങ്ങളും നീക്കം ചെയ്യുന്നത് നിർത്തിവെക്കേണ്ടതാണ് (മുസ്ലിം).**

കഴിവതും സ്വന്തമായിതന്നെ അറുക്കലാണ് ഏററവും ഉത്തമം അതിന് പ്രയാസമുള്ളവർ അറവു നടത്തുന്നിടത്ത് ഹാജരാകുവാനെങ്കി ലും ശ്രദ്ധിച്ചിരിക്കണം.

അറവിന്ന് സാധാരണ അറവിനുള്ള നിയമങ്ങ ൾ ഇവിടെയും പാലിക്കപ്പെടേണ്ടതാണ്. അറു ക്കുമ്പോൾ **ബിസ്മില്ലാഹി വല്ലാഹുഅക്ബർ** എന്ന് പറഞ്ഞ് കൊണ്ടായിരിക്കണം അറുക്കേ ണ്ടത്. പ്രവാചകൻ(സ) അപ്രകാരമായിരുന്നു നിർവ്വഹിച്ചിരുന്നത് എന്ന് ഇമാം മുസ്ലിം റി പ്പോർട്ട് ചെയ്ത ഹദീസുകളിൽവന്നിട്ടുണ്ട്. കൂ ടാതെ അറവിന് ശേഷം നബി(സ) ബലിയറു ത്തപ്പോൾ **അല്ലാഹുമ്മ തഖബ്ബൽ മിൻ മുഹമ്മ ദിൻ (അല്ലാഹുവേ മുഹമ്മദിൽ നിന്നും ഇത്നീ സ്വീകരിക്കേണമേ)** എന്ന് പ്രാർത്ഥിച്ചതായി മു സ്ലിമും അബൂദാവൂദും റിപ്പോർട്ടു ചെയ്തി ട്ടുള്ളതിനാൽ നാമും **അല്ലാഹുമ്മ തഖബ്ബൽമി ന്നീ (നാഥാ എന്നിൽനിന്നും ഇത്നീ സ്വീകരി ക്കേണമേ)** എന്നോ, അതല്ലങ്കിൽ നമ്മുടെ പേ ര് പറഞ്ഞോ പ്രാർത്ഥിക്കുന്നത് ഉത്തമമാണ്.

**നാമും ഒരുങ്ങുക:**

സഹോദരങ്ങളേ മേൽപറഞ്ഞ നല്ല നാളുകളി ലേക്കടുക്കുമ്പോൾ പുണ്യം നേടാനുള്ള ആ വേശവും ആത്മാർത്ഥതയും നമ്മുടെ ഭാഗ ത്ത് നിന്നുമുണ്ടാകുമ്പോൾ മാത്രമേ നമുക്കത് പ്രതീക്ഷിക്കാനും നേടിയെടുക്കാനും കഴിയു കയുള്ളൂ. അത്കൊണ്ട് ഒന്നാമതായി നാം ന മ്മുടെ മനസ്സ് നന്നാക്കുക. കാരണം തെറ്റുക ളിൽ നിന്നും മുക്തിനേടി പാപരഹിതമനസ്സുമാ യിട്ടായിരിക്കണം നാം എപ്പോഴും കഴിയേണ്ട ത്. അതാകുന്നു അല്ലാഹു ഇഷ്ടപ്പെടുന്ന മാർ ഗ്ഗം. അല്ലാഹുപറയുന്നു: **നമ്മുടെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ നാം നമ്മുടെ നേർമാർഗ്ഗത്തിലേക്ക്നയിക്കുകതന്നെചെയ്യും നിശ്ചയമായും അല്ലാഹു സദ്വൃത്തരോടൊ**

**പ്പവുമായിരിക്കും ( ഖുർആൻ 29/69).**
അതിനാൽ നമുക്കുമൊരുങ്ങാം തഖ്‌വയുള്ള വരായിത്തീരാൻ സ്വർഗ്ഗം നേടിയെടുക്കാൻ. **നിങ്ങൾ ദൃതികാണിക്കുക, ആകാശഭൂമികളോളം വിശാലമായതും മുത്തഖീങ്ങൾക്ക് ഒരുക്കിവെച്ചിട്ടുള്ളതുമായ സ്വർഗ്ഗത്തിലേക്കും നിങ്ങളുടെ നാഥനിൽ നിന്നുള്ള പാപമോചനത്തിലേക്കും (ഖുർആൻ 3/133).**

വിജയികളെ ഖുർആൻ പരിചയപ്പെടുത്തുന്നത് കാണുക, **തീർച്ചയായും അവർ നന്മയിൽ ധൃതികാണിക്കുകയും, (സ്വർഗ്ഗത്തെ) ആഗ്രഹിച്ചുകൊണ്ടും (നരകത്തെ) പേടിച്ചുകൊണ്ടും നമ്മോടു പ്രാർത്ഥിക്കുകയും, നമ്മോട് ഭക്തി കാണിക്കുകയും ചെയ്യുന്നവരായിരുന്നു. (സൂറ: അൻബിയാഅ് 90).**

## *ബലിപെരുന്നാ*

മഹാനായ ഖലീലുല്ലാഹി ഇബ്റാഹീം നബിയുടേയും കുടുംബത്തിൻേറയും ത്യാഗ നിർഭരമായ ചരിത്രമയവിറക്കി ഒരിക്കൽകൂടി പെരുന്നാൾ ആഘോഷിക്കാൻ അവസരം ലഭിച്ച നമുക്കൊന്നായി അല്ലാഹുവിനെ വാഴ്ത്താം ***അല്ലാഹു അക്ബർ . . വലില്ലാഹിൽ ഹംദ്.*** നാഥൻെറ പ്രഖ്യാപനം ജീവിതത്തിൽ പകർത്താൻ നമുക്കീഅവസരത്തിൽ പ്രതിയെടുക്കാം. **തീർച്ചയായും ഇബ്റാഹീമിലുംഅദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരിലും നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം, തീർച്ചയായും ഞങ്ങൾ നിങ്ങളിൽനിന്നും വിട്ടുനിൽക്കുകയാണ്, നിങ്ങളെ ഞങ്ങൾ നിഷേധിക്കുകയും ചെയ്യും. അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ശത്രുതയും വിദ്വേഷവും നിലനിൽക്കുക തന്നെ ചെയ്യും. (ഖുർആൻ 60/4).** അതെ വ്യക്തമായ ആദർശ പ്രഖ്യാപനം! തൗഹീദിൻെറ കാഹളം മുഴക്കൽ!. സമുദായം ഭിന്നിക്കുമല്ലൊ, ശത്രുക്കളാകുമല്ലൊ എന്നചിന്തക്ക് ഇസ്‌ലാമിക പ്രബോധന രംഗത്ത് സ്ഥാനമില്ലന്ന് പഠിപ്പിക്കുന്നു, എത്ര മഹനീയമാണ് ആ പാത!. നമുക്കും അതേററുപാടാം അതിലൂടെ മാത്രം സഞ്ചരിക്കാം. ആ മഹാനവർകളുടേയും കുടുംബത്തിൻേറയും മാർഗ്ഗത്തിൽ തൗഹീദീ പ്രബോധനത്തിന്നായി, നമുക്ക് പ്രിയപ്പെട്ടതെന്തും ബലിയർപ്പിക്കുവാനായി പ്രതിജ്ഞയെടുക്കാം. അതിനായി പ്രാർത്ഥിക്കാം.!!

*സഹോദരന്മാരേ* !

പെരുന്നാൾ ആനന്ദിക്കുവാനും ആഘോഷി ക്കുവാനുമുള്ളതാണ്. എന്നാൽ അതോടൊ പ്പം അത് ആരാധനയും കൂടിയാണെന്നത് മറ ക്കാതിരിക്കുക. സന്തോഷാവസരങ്ങളിൽ പോ ലും വിശ്വാസികൾ മുഴക്കേണ്ടശബ്ദം ***ലാ ഇ ലാഹ ഇല്ലല്ലാഹു അല്ലാഹുഅക്ബർ, അല്ലാ ഹു അക്ബർ വലില്ലാഹിൽഹംദ്.*** എന്നതാ യിരിക്കണം അത്പോലെ ഏകദൈവ വിശ്വാ സ പ്രചരണത്തിന്ന് ഇബ്റാഹീം നബിയും ഇ സ്മാഈൽ നബിയും വരിച്ച ത്യാഗ ചരിത്രമ നുസ്മരിക്കുന്ന സന്ദർഭത്തിലാണ് നാമുള്ളത്. അപ്രകാരം ലക്ഷക്കണക്കിന് മുസ്ലിം സ ഹോദരങ്ങൾ ലോകത്തിൻെറ നാനാ ഭാഗങ്ങ ളിൽ നിന്നുമായി അറഫയിലും മിനായിലും മുസ്ദലിഫയിലും സമ്മേളിക്കുകയും അല്ലാ ഹുവിനെ വാഴ്ത്തുകയും ചെയ്തുകൊണ്ടിരി ക്കുമ്പോൾ, പെരുന്നാളാണെന്ന് കരുതി എന്തും പ്രവർത്തിക്കുവാനോ, മററു മതാനുയായികളു ടെ സംസ്കാരങ്ങൾ കടമെടുത്ത് പെരുന്നാൾ ആഘോഷിക്കുവാനോ ഇസ്ലാം അനുവദി ക്കുന്നില്ല. പെരുന്നാളല്ലാത്ത സമയങ്ങളിൽ ഹ റാമായതൊന്നും പെരുന്നാൾ സ്പെഷ്യലായി ഹലാലാകുന്നില്ലെന്നത് പ്രത്യേകം ഓർമ്മപ്പെടു ത്തുകയും ചെയ്യുന്നു.

## ***പെരുന്നാൾ നബിചര്യയിൽ*** :

**തക്ബീർ ചെല്ലൽ:**

അറഫാദിവസം പ്രഭാതംമുതൽ അയ്യാമുത്ത ശ്‌രീഖിൻെറ അവസാന ദിവസം അസ്വർ വ രെയാണ് അതിന്നു നിശ്ചയിക്കപ്പെട്ടസമയം. അത് പള്ളികളിലും അങ്ങാടികളിലും വഴിക ളിലുമെല്ലാം വെച്ച് ചൊല്ലാവുന്നതാണ്.

**സന്തോഷപ്രകടനം:**

പെരുന്നാൾ ദിവസങ്ങളിൽ കുളിച്ച് സുഗന്ധം പൂശി നല്ല വസ്ത്രങ്ങൾ അണിയുകയെന്നുള്ള ത് പ്രവാചകൻ പ്രത്യേകം നിർദ്ദേശിക്കുകയും പാലിക്കുകയും ചെയ്തകാര്യമാണ് .

**വ്യത്യസ്ത വഴികൾ:**

പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പോകു ന്നതും,വരുന്നതും കഴിവതും നടന്നുകൊണ്ടും വേറെ വേറെ വഴികളിലൂടെ ആയിരിക്കലുമാ ണ് നബിചര്യ.

**പെരുന്നാൾ നമസ്കാരം:**

വിശ്വാസികളുടെ ആഘോഷവും ആരാധന യിൽ അധിഷ്ഠിതമാണ്. പെരുന്നാൾ ദിവസ ത്തെ ഏററവും പ്രധാന ആരാധന പെരുന്നാ ൾ നമസ്കാരം തന്നെയാണ്. പെരുന്നാൾ

നമസ്കാരം കഴിയുന്നത്ര നേരത്തെ നിർവ്വഹിക്കലാണ് നബി(സ)യുടെ മാതൃക. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളും സ്ത്രീകളടക്കം ഈദ്ഗാഹിൽ (മൈതാനത്ത്) ഒരുമിച്ചുകൂടണം. പള്ളികളിൽ പ്രവേശിക്കൽ പാടില്ലാത്ത ആർത്തവകാരികളായ സ്ത്രീകൾ പോലും നമസ്കാരത്തിന് നിശ്ചയിക്കപ്പെട്ട *ഈദുഗാഹി*ൽ പങ്കെടുത്ത് പ്രാർത്ഥനകളിലും മററും പങ്കെടുക്കണം. അവർ നമസ്കാരത്തിൽ നിന്ന് വിട്ടുനിൽക്കണമെന്ന് മാത്രം. ഇമാമോടുകൂടി രണ്ട്റക്അത്ത് നമസ്കരിച്ച്, ശേഷം ഇമാം നടത്തുന്ന പ്രഭാഷണം ശ്രവിക്കണം. മഴയോ, മററു വല്ല അസൗകര്യങ്ങളോ ഉള്ളപ്പോൾ പള്ളികളിൽ വെച്ചും നമസ്കരിക്കാവുന്നതാണ്.

**വിനോദങ്ങൾ:**

എന്നും മനസ്സുകൾക്ക് കടിഞ്ഞാണിട്ട് വരിഞ്ഞുമുറുക്കണമെന്ന് മതം അനുശാസിക്കുന്നില്ല. അത്കൊണ്ട് തന്നെ പെരുന്നാൾ സുദിനങ്ങളിൽ അൽപം ആനന്ദവും വിനോദവുമെല്ലാം ഇസ്ലാം അനുവദിക്കുന്നു. **ആയിശ:(റ) പറയുന്നു; ഒരിക്കൽ അബൂബക്കർ(റ) എൻെറ അടുക്കലേക്ക് കടന്നുവന്നു, അന്നേരം അൻസ്വാരി പെൺകുട്ടികൾ ബുആസ് യുദ്ധത്തെ പററിയുള്ള പാട്ടുകൾ പാടുകയായിരുന്നു. ഉടനെ അബൂബക്കർ (അതിനെ ആക്ഷേപിച്ച് ഇങ്ങിനെപറഞ്ഞു);നബിയുടെ വീട്ടിലാണോ പിശാചിൻെറ കുഴലൂത്ത്. അന്നേരം നബി(സ) പറഞ്ഞു അബൂബക്കറെ ഇന്ന് പെരുന്നാളല്ലെ അവരെ വിട്ടേക്കുക. അവർ പാടിക്കൊള്ളട്ടെ.** ***(മുസ്ലിം).*** അതുപോലെ മറെറാരിക്കൽ ഒരു പെരുന്നാളിൽ എത്യോപ്യക്കാർ മദീനാ പള്ളിയിൽ ആയുധാഭ്യാസപ്രകടനം നടത്തുകയും നബി(സ) അന്നേരം ആളുകളിൽ നിന്നും എനിക്കു മറയെന്നോണം നിന്നു തരികയും ഞാൻ നബിയുടെ ചുമലിലൂടെ അത് കാണുകയും ചെയ്തു. എന്ന് ആയിശ:(റ)യിൽ നിന്നും ഇമാം മുസ്ലിം ഉദ്ധരിക്കുന്നുണ്ട്. അതു കൊണ്ട് നിഷിദ്ധമല്ലാത്തതും ഉപകാരപ്രദവുമായ വിനോദങ്ങൾ സംഘടിപ്പിച്ച്, നമ്മുടെ യുവാക്കളേയും കുട്ടികളേയും, വൃത്തികേടുകളിലേക്കും മററു തെററായ മാർഗ്ഗത്തിലേക്കും തെററിപ്പോകുന്നത് കടിഞ്ഞാണിടാൻ ഇന്നു നാം ഏറെ ശ്രദ്ധിക്കേണ്ടതാണ്.

**മററു പുണ്യകർമ്മങ്ങൾ:**

ദാന ധർമ്മങ്ങൾ അധികരിപ്പിക്കൽ, കുടുംബ സന്ദർശനം,മററു മതസ്ഥരുമായുള്ള സൗഹാർദ്ദം ഊട്ടിയുറപ്പിക്കൽ എന്നിവക്കും ഇത്തരം സുദിനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

അപ്രകാരം തന്നെ, പലകാരണങ്ങളാലും പെരുന്നാളുകളിൽ പോലും സന്തോഷിക്കുവാനും ആഹ്ലാദിക്കാനും അവസരങ്ങളില്ലാതെ കഴിഞ്ഞുകൂടുന്ന നമ്മുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കാനെങ്കിലും നാമീ പുണ്യസുദിനങ്ങളിൽ മറന്നുപോകരുത്. പടച്ചവൻ പുണ്യദിനങ്ങളേയും പെരുന്നാളിനേയും വരവേൽക്കുവാനും, അവനിഷ്ടപ്പെടുന്ന പുണ്യകർമ്മങ്ങൾ പ്രവർത്തിക്കുവാനും നമുക്ക് തൗഫീഖ് നൽകട്ടെ. (ആമീൻ).

## ഈദാശംസകൾ

ബലിപെരുന്നാളിൻെറ സുന്ദര മുഹൂർത്തങ്ങൾക്കായി കാതോർത്തുകൊണ്ട് ഒരുങ്ങിയിരിക്കുന്ന അടിയാറുകളേ! നിങ്ങൾക്കായി നേരുന്നു ഒരായിരം ഈദാശംസകൾ!!!

ശാന്തിയുടേയും സമാധാനത്തിൻേറയും സന്ദേശങ്ങളാൽ അലങ്കൃതമായ സൗഭാഗ്യജീവിതം ഇഹത്തിലും പരത്തിലും നാഥൻ നമുക്ക് പ്രധാനംചെയ്യട്ടെ, അതിന്നായ് നമുക്കൊന്നിച്ച് പ്രവർത്തിക്കാം, പ്രാർത്ഥിക്കാം നാഥൻ അനുഗ്രഹിക്കട്ടെ (ആമീൻ).

*അല്ലാഹുഅക്ബർ അല്ലാഹുഅക്ബർ അല്ലാഹുഅക്ബർ, ലാഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ,അല്ലാഹുഅക്ബർവലില്ലാഹിൽഹംദ്*

## عيد مبارك

***الله أكبر الله أكبر لا إله إلا الله، الله أكبر***

***الله أكبر ولله الحمد.***

*ഒരിക്കൽ കൂടി നേരുന്നു ഒരായിരം*

## ബലിപെരുന്നാൾ
## ആശംസകൾ
### ആശംസകൾ
#### ആശംസകൾ

*وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين (آمين).*

*തയ്യാറാക്കിയത്*
*അബ്ദുൽലത്വീഫ് സുല്ലമി*
*ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ*
*സുലൈ.(റിയാദ്) സൗദി അറേബ്യ*
*ഫോ: 2414488/226, ഫാക്സ്: 2411733*

# فضل
# عشرذي الحجة
# أحكام الأضحية
# وعيد الأضحى المبارك
## (باللغة المليبارية)

# ദുൽഹജ്ജ് (പത്ത്)
# ശ്രേഷ്ഠതകൾ
# ഉദ്ഹിയത്ത്
# ബലിപെരുന്നാൾ


തയ്യാറാക്കിയത്:

അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി